1. അനാരോഗ്യകരമായ ഭക്ഷണ രീതി
2. വ്യായാമം ഇല്ലായ്മ
3. മദ്യം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി.

കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്നത് കേരളത്തിലെ ജനങ്ങളിൽ വന്നിട്ടുള്ള ജീവിതശൈലി വ്യതിയാനം മൂലമാണ്.

(സി) നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ തിരിച്ചുവരുന്നതും പുതിയ രോഗങ്ങൾ ഉടലെടുക്കുന്നതും കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ഇത് ഫലപ്രദമായി നേരിടാൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പകർച്ചവ്യാധികൾ, വാക്സിൻ നിയന്ത്രിത രോഗങ്ങൾ എന്നിവ പടരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് തടയുന്നതിനായി അമൃതം ആരോഗ്യം എന്ന പേരിൽ ജീവിതശൈലി രോഗനിയന്ത്രണത്തിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കിവരുന്നു.

ഇടുക്കിയിലെ ജില്ലാ ആശുപത്രികൾ

77 (2352) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ ഒന്നിൽ കൂടുതൽ ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; ജില്ലാ ആശുപത്രിയുടെ പദവി നൽകിയപ്പോൾ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി ജില്ല ആശുപത്രിയാണോ, മെഡിക്കൽ കോളേജാണോ എന്നത് സംബന്ധിച്ച വിശദീകരണം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ലാ ആശുപത്രിയുടെ സേവനവും മെഡിക്കൽ കോളേജിന്റെ സേവനവും ഒരു സ്ഥാപനത്തിൽ നിന്നാണോ ലഭിക്കുന്നത്, ആണെങ്കിൽ എത്രകൊണ്ട് എന്ന് വിശദീകരിക്കാമോ;

(എഫ്) ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയിലെ ജീവനക്കാരെ തൊടുപുഴ ആശുപത്രിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. ജില്ലാ ആശുപത്രി - ഇടുക്കി, ജില്ലാ ആശുപത്രി - തൊടുപുഴ എന്നീ രണ്ട് ജില്ലാ ആശുപത്രികൾ ഇടുക്കി ജില്ലയിലുണ്ട്.

(ബി) പദവി ഉയർത്തിയിട്ടുണ്ട്. പദവി നൽകിയതോടനുബന്ധിച്ച് 15 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.	സീനിയർ കൺസൾട്ടന്റ്	3
2	കൺസൾട്ടന്റ്	2
3	ജൂനിയർ കൺസൾട്ടന്റ്	3
4	ഫിസിയോതെറാപ്പിസ്റ്റ്	1
5	സ്റ്റാഫ് നഴ്സ് ഗ്രേഡ് -2	2
6	ലാബ് ടെക്നിഷ്യൻ ഗ്രേഡ്-2	1
7	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2	3

(സി) ഇല്ല. സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിൽ ഡി.പി.സി. കൂടി പ്രൊമോഷന് അർഹതയുള്ളവർക്ക് നിയമനം നൽകുന്നതാണ്. ജനറൽ കേഡറിൽ ജോലി നോക്കിവരുന്ന യോഗ്യരായ ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയായാണ് പ്രവർത്തിക്കുന്നത്.

GPM. 2/236/2020-23

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ലാ ആശുപത്രിയെ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്.

(എഫ്) ഇക്കാര്യം സംബന്ധിച്ച് ഇതുവരെ തീരുമാനമായിട്ടില്ല.

ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി

78 (2353) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ നിയമനം ആരംഭിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനം സ്ഥിരവേതനാടിസ്ഥാനത്തിലാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.എച്ച്.എം. സാന്ത്വന പരിചരണ പദ്ധതി 2008-09-ലാണ് ആരംഭിച്ചത്. സെക്കന്ററിതല സാന്ത്വന പരിചരണത്തിന് നഴ്സിന്റെ നേതൃത്വത്തിലാണ് ഗൃഹകേന്ദ്രീകൃത രോഗീ പരിചരണം സാധ്യമാകുന്നത്. സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാർക്ക് പ്രതിമാസം 13900 രൂപയാണ് നൽകുന്നത്.

(ബി) 2008-09 വർഷത്തിലാണ് ഇവരെ നിയമിച്ചത്.

(സി) നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണിക്കാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly